ഉത്തരം

(എ) 51 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് വരികിടിയിലും ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കോട്ടപ്പുറത്തും പുതിയ സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബോർഡ് തയ്യാറാക്കിയിരുന്നു. ഏകദേശം 49 ചതുരശ്ര കി.മീ. വിസ്തൃതിയും 24520 ഉപഭോക്താക്കളുമുള്ള ഒറ്റപ്പാലം സെക്ഷന്റെ വിഭജനം പുതിയ സെക്ഷൻ രൂപീകരണത്തിനുള്ള മാനദണ്ഡത്തിലുൾപ്പെടാത്തതിനാൽ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. ഏകദേശം 103 ചതുരശ്ര കി.മീ. വിസ്തൃതിയും 21344 ഉപഭോക്താക്കളുമുള്ള ശ്രീകൃഷ്ണപുരം സെക്ഷന്റെ വിഭജനം ബോർഡിന്റെ സജീവ പരിഗണനയിലാണ്.

കാസർഗോഡ് വലിയപറമ്പിൽ പുതിയ സബ് എഞ്ചിനീയർ ഓഫീസ്

42 (6493) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഊർജ്ജവകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതിയതായി ഏതെങ്കിലും ഓഫീസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) വലിയപറമ്പിൽ സബ് എൻജിനീയർ ഓഫീസ് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എ.പി.ടി.എസ്., ആർ.എ.ഒ. ഓഫീസുകൾ ഉൾപ്പെടെ വിതരണ വിഭാഗത്തിന്റെ പരിധിയിൽ 43 ഓഫീസുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെകീഴിൽ പുതിയതായി അനുവദിച്ച പട്ടണക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) വലിയപറമ്പിൽ സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ദുർബ്ബല വിഭാഗങ്ങൾക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ

43 (6494) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ മുന്പ് നൽകിയിരുന്നോ ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് ഏതൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുതആനുകൂല്യങ്ങൾ എന്നുമുതലാണ് വൈദ്യുതി ബോർഡ് നിർത്തലാക്കിയത് ; ഇതിന്റെ കാരണം വിശദമാക്കുമോ ;

(സി) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് മൂന്ന് പോസ്റ്റുകൾവരെ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുമായിരുന്ന സംവിധാനം പുനഃസ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് അനുസരിച്ചാണ് വൈദ്യുതി ബോർഡ് ഇലക്ട്രിസിറ്റി കണക്ഷനുകൾ നൽകിവരുന്നത്. ഇപ്രകാരം 2-3-2005-ൽ സപ്ലൈകോഡ്, 2005-ഉം 1-4-2014-ൽ സപ്ലൈകോഡ് 2014-ഉം നിലവിൽവന്നു. ഈ രണ്ട് സപ്ലൈക്കോഡുകളും പ്രാബല്യത്തിൽ വരുന്നതിനുമുൻപ് താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് പ്രത്യേക മുൻഗണനയനുസരിച്ച് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു :

1. പട്ടികജാതി - പട്ടികവർഗ്ഗവിഭാഗം.
2. ബി. പി. എൽ.
3. വികലാംഗർ.
4. മാനസിക വൈകല്യമുള്ളവർ.
5. ജവാന്മാർ.
6. കാൻസർ രോഗികൾ
7. വൈദ്യുതി ബോർഡ് ജീവനക്കാരും പെൻഷൻകാരും.

(ബി) സപ്ലൈകോഡ്, 2005-പ്രകാരവും 2014-പ്രകാരവും വ്യവസ്ഥകൾപ്രകാരമാണ് എസ്.സി./എസ്.റ്റി., ബി.പി.എൽ. ഒഴികെയുള്ള അപേക്ഷകർക്ക് നൽകിവന്നിരുന്ന സൗജന്യ വൈദ്യുതി കണക്ഷനുകൾ വൈദ്യുതി ബോർഡിന്റെ 28-10-2011-പ്രകാരവും 28-1-2012-പ്രകാരമാണ് പരിമിതപ്പെടുത്തി നടപ്പിലാക്കിയത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജില്ലകളിൽ, ഈ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്.

കൂടാതെ 500 വാട്ട്സ്വരെ കണക്ടഡ്ലോഡുള്ള എല്ലാ ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും ലൈൻ നീട്ടൽ ആവശ്യമുള്ള പോസ്റ്റുകൾ സ്ഥാപിച്ച് നൽകുന്നതുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ ആർ.ജി.ജി.പി.വൈ. - ലോ നോർമൽ പ്ലാനിലോ ഉൾപ്പെടുത്തി സൗജന്യമായി നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly